XII. റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ നാല് മുതൽ ഒൻപതുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സി. ജോസഫ്: സർ, 2006 ഫെബ്രുവരി 20-ാം തീയതി സഭയിൽ സമർപ്പിച്ച പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ നാല് മുതൽ ഒൻപതുവരെയുള്ള റിപ്പോർട്ടുകൾ അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസ്സും വകുപ്പു മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ നാല് മുതൽ ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ സഭ അംഗീകരിച്ചിരിക്കുന്നു.

XIII ക്രമപ്രശ്നം

സി. ആന്റ് എ. ജി. റിപ്പോർട്ട് ചർച്ചചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടേയും പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റിയുടേയും സ്ക്രൂട്ടിനിക്ക് വിധേയമായതിനു ശേഷം മാത്രമേ ബഹുമാനപ്പെട്ട എം.എം.ഹസ്സൻ ഇവിടെ ആദ്യം നൽകിയ നോട്ടീസ് ചർച്ച ചെയ്യാൻ പാടുള്ളൂ എന്ന അഭിപ്രായമാണ് എനിക്കുള്ളത്. അസംബ്ലിയിലെ പ്രധാനപ്പെട്ട രണ്ട് കമ്മിറ്റികളുടെ അവകാശത്തെയാണ് നമ്മൾ ഇവിടെ ചോദ്യം ചെയ്യുന്നത്. ഇതിൽ ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് പേജ് 79-ൽ പള്ളിവാസൽ, ശെങ്കുളം, പന്നിയാർ നവീകരണത്തിനുവേണ്ടി വഹിച്ച 374.50 കോടി രൂപയുടെ ചെലവ്, ആനുപാതികമായ നേട്ടം ഉണ്ടാക്കിയിട്ടില്ല എന്നു പറയുന്ന ആ തുകയിൽ 89.32 കോടി രൂപ തലശ്ശേരി ക്യാൻസർ ആശുപത്രിക്കുവേണ്ടി നീക്കിവച്ചതുകൂടി വരും. അപ്പോൾ യഥാർതഥത്തിൽ ഫാക്ചലായിട്ടുള്ള എറർ ഈ കണക്കിലുണ്ട് എന്നുള്ളതുകൊണ്ട് തന്നെ ശക്തമായ, ശാസ്ത്രീയമായ സ്ക്രൂട്ടിനിക്ക് പബ്ലിക് അക്കൗണ്ടസ് കമ്മിറ്റിയുടേയും പബ്ലിക് അണ്ടർ ടേക്കിംഗസ് കമ്മിറ്റിയുടേയും പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം ചർച്ച ചെയ്യപ്പെടുന്നതായിരിക്കും നന്നാവുക. ബഹുമാനപ്പെട്ട സ്പീക്കർക്ക്, റൂൾ 59-(1) പ്രകാരം പ്രത്യേക പ്രാധാന്യം ഉള്ളതാണെന്നു തോന്നിയാൽ ഇത് ചർച്ച ചെയ്യുന്നതിന് പ്രശ്നം ഇല്ല. പക്ഷേ നമ്മൾ പുതിയ പ്രീസീഡന്റ് ക്രിയേറ്റ് ചെയ്യുകയാണ്. ഇത് ഗുണമല്ല. കാരണം ആ ഓഡറിൽത്തന്നെ പറയുന്നുണ്ട്. ഇത് പബ്ലിക് അക്കൗണ്ട്സ്

LIBRARY ARCHIVES Kerala Legislative Assembly